**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5355** **21-07-2022 - ൽ മറുപടിയ്ക്ക്**

**കെ-സ്വിഫ്റ്റിന് പുതിയ ഇലക്ട്രിക് ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനി 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട കരാർ ഏത് സ്ഥാപനത്തിനാണ് ലഭിച്ചത്; ഓൺലൈൻ ടെണ്ടർ നടപടികളിലൂടെയാണോ പ്രസ്തുത കരാർ നൽകിയിട്ടുള്ളത്; ഒരു ബസ്സിന് എത്ര രൂപ നിരക്കിലാണ് കരാർ നൽകിയിട്ടുള്ളത്; | (എ) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് വേണ്ടി 50 ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനായി M/s. PMI Electro mobility Solutions Pvt. Ltd. (Plot. No. 39, Industrial Area, Daruhera, Rewari, Haryana - 123106) എന്ന സ്ഥാപനത്തിനാണ് വിതരണ ഉത്തരവ് നൽകിയത്. കേരള സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടൽ മുഖേന ഇ-ദർഘാസ് ക്ഷണിച്ചാണ് ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകിയിട്ടുള്ളത്. ഒരു ഇലക്ട്രിക് ബസിന്റെ അന്തിമ വില (GST ഉൾപ്പെടെ) 92,43,986/- രൂപയാണ്. |
| (ബി) | പ്രസ്തുത കരാർ പ്രകാരം എത്ര ബസ്സുകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്; എത്ര ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്; പ്രസ്തുത ബസ്സുകൾ നിരത്തുകളിൽ ഓടിച്ച് ലാഭകരമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 15.7.2022 വരെ 19 എണ്ണം ഇലക്ട്രിക് ബസുകൾ ലഭിച്ചിട്ടുണ്ട്. പത്തു ബസ്സുകളുടെ രജിസ്ട്രേഷൻ നടപടികൾ അവസാന ഘട്ടത്തിലാണ്. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയാലുടൻ തന്നെ സർവീസ് ആരംഭിയ്ക്കുന്നതാണ്. സർവീസ് ആരംഭിച്ചതിനു ശേഷമേ വിലയിരുത്തലുകൾ സാധ്യമാകുകയുള്ളൂ. |
| (സി) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് പുതുതായി അഞ്ഞൂറ് ഇലക്ട്രിക് ബസ്സുകൾ കൂടി വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുകയാണ് ഇതിനായി ചെലവ് പ്രതീക്ഷിക്കുന്നത്; | (സി) | പ്രവർത്തനചെലവ് കുറഞ്ഞ ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനെ സംബന്ധിച്ചുള്ള ചർച്ചകൾ നടന്നുവരുന്നു.<br><br>500 പുതിയ ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടില്ല. |
| (ഡി) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് നിലവിൽ വാങ്ങിയിട്ടുള്ള ഇലക്ട്രിക് ബസ്സുകൾ നിരത്തിലിറക്കി ഓടിച്ച് കാര്യക്ഷമത ബോധ്യപ്പെടുന്നതിന് മുൻപ് അഞ്ഞൂറ് ബസ്സുകൾ കൂടി വാങ്ങുവാൻ തീരുമാനമെടുത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (ഡി) | പ്രവർത്തനചെലവ് കുറഞ്ഞ ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനെ സംബന്ധിച്ചുള്ള ചർച്ചകൾ നടന്നുവരുന്നു.<br><br>500 പുതിയ ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ